സരിച്ചുള്ള നടപടികളുമായി ഉദ്യോഗസ്ഥൻമാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കൃത്യമായ ഒരു സമയപരിധി പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സന്ദർഭം അനുവദിക്കുന്നതുകൊണ്ട് ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഈ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉള്ള ഗവൺമെന്റ് സെക്രട്ടറിമാരുടെ ടെലഫോൺ ചാർജ് എത്രയാണെന്ന് ചോദിച്ചതിന് മറുപടി തരുന്നതിനു പകരം വിവരം ശേഖരിച്ചു വരുന്നു എന്നാണ് പറയുന്നത്. ഇതു വിശാലമായ കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള ചോദ്യം ആണ്.

മി. സ്പീക്കർ : ഈ ചോദ്യത്തിന് പ്രസക്തമായ ചോദ്യം ചോദിക്കണം.

ശ്രീ. വി. ജെ. തങ്കപ്പൻ : അങ്ങു സീരിയസായി എടുത്തതുകൊണ്ട് ഞാൻ പറയുന്നതാണ്. ഒരു സ്ക്കൂളിലെ ഒരു വിദ്യാർത്ഥിയെ, വിജയിക്കുവാൻ അർഹതയുള്ള മാർക്ക് ഉള്ള വിദ്യാർത്ഥിയെ അറിഞ്ഞുകൊണ്ട് മാനേജ്മെന്റോ, ഹെഡ്മാസ്റ്ററോ, ഹെഡ്മിസ്ട്രസോ തോൽപിച്ചാൽ നിയമപരമായ നടപടി എടുക്കുവാൻ സാധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : നമ്മുടെ വിദ്യാഭ്യാസ നിയമത്തിൽ അതിനാവശ്യമായിട്ടുള്ള വ്യവസ്ഥയുണ്ട്. നടപടി സ്വീകരിക്കുവാൻ സാധിക്കും.

ശ്രീ. വി. ജെ. തങ്കപ്പൻ : അതിന്റെ അടിസ്ഥാനത്തിൽ കാർമ്മർ സ്ക്കൂളിൽ ജയിക്കാൻ അർഹതയുണ്ടെന്നു ബോദ്ധ്യമായ ഒരു വിദ്യാർത്ഥിനിയെ അറിഞ്ഞുകൊണ്ട് തോൽപ്പിച്ച ഹെഡ്മിസ്ട്രസിന്റെ പേരിൽ എന്തെങ്കിലും നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : വിദ്യാഭ്യാസ നിയമമനുസരിച്ച് മാനേജ്മെന്റ് സ്ക്കൂളുകളിൽ പ്രധാനാദ്ധ്യപകരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടത് മാനേജ്മെന്റാണ്. അവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ കാര്യത്തിൽ മറുപടി നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതു സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മാനേജ്മെന്റ് നടപടി സ്വീകരിക്കുവാൻ വിസമ്മതം പ്രകടിപ്പിച്ചാൽ ഗവൺമെന്റിന് നടപടി സ്വീകരിക്കുവാൻ കഴിയും; അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

വൈദ്യുതി എത്താത്ത വില്ലേജുകൾ

* 99. [141] ശ്രീ. കെ. കെ. തോമസ് :
,, രാഘവൻ പൊഴക്കടവിൽ :
,, തെന്നല ജി. ബാലകൃഷ്ണപിള്ള :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി എത്താത്ത വില്ലേജുകളുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ വൈദ്യുതീകരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(സി) എല്ലാ ലക്ഷംവീട് കോളനികളും ഹരിജൻ—ഫിഷറീസ് കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പ് തെരഞ്ഞെടുത്ത ഹരിജൻ കോളനികളാണ് മുൻഗണന നൽകി വൈദ്യുതീകരിക്കുന്നത്. ലക്ഷംവീട് കോളനികളും ഫിഷറീസ് കോളനികളും പ്രത്യേകം മുൻഗണന നൽകി വൈദ്യുതീകരിക്കാൻ ഉത്തരവുകളൊന്നുംതന്നെ ഇപ്പോഴില്ല. അതിനാൽ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ മാത്രമേ വൈദ്യുതീകരിക്കുകയുള്ളു.

ശ്രീ. കെ. കെ. തോമസ് : വൈദ്യുതി എത്താത്ത വില്ലേജുകളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി ഗ്രാമീണ വൈദ്യുതീകരണബോർഡ് പല പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്തിട്ടുള്ള പല വില്ലേജുകളിലും ഗ്രാമീണ വൈദ്യുതീകരണ ബോർഡിന്റെ സ്കീമിൽ ഉള്ള പ്രവർത്തനം തികച്ചും മന്ദഗതിയിൽ ആണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : മന്ദഗതിയിൽ ആണെന്നുള്ള അഭിപ്രായമില്ല. വളരെ വേഗതയില്ല. അത് സാങ്കേതികമായ ബുദ്ധിമുട്ടുകൊണ്ടായിരിക്കും.

ശ്രീ. കെ. കെ. തോമസ് : എന്റെ നിയോജകമണ്ഡലത്തിൽ 1983-ന് മുമ്പുള്ള നാൽപ്പതോളം മിനിമം ഗാരൻറിവച്ച സ്കീമുകളുണ്ട്. എന്റെ നിയോജകമണ്ഡലം ഗ്രാമീണ വൈദ്യുതീകരണ ബോർഡ് ഏറ്റെടുത്തിരിക്കുകയാണ്. അടിയന്തിരമായി ഈ സ്കീമിൽ ഉൾപ്പെടുത്തി കുടിശ്ശികയുള്ള മിനിമം ഗാരൻറിവച്ച 40 സ്കീമുകളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : വൈദ്യുതീകരണബോർഡിന്റെ പ്രവർത്തനവും ഇലക്ട്രിക്സിറ്റി ബോർഡിന്റെ പ്രവർത്തനവും രണ്ടും രണ്ടാണ്. അങ്ങനെയുള്ള സ്കീമിനെ സംബന്ധിച്ച് വൈദ്യുതീകരണ ബോർഡിന്റെ ശ്രദ്ധയിൽ അതു പെടുത്താവുന്നതും ഈ കാര്യത്തിൽ എത്രയും വേഗം ശ്രദ്ധ പതിപ്പിക്കണമെന്നും ജോലി ത്വരിതപ്പെടുത്തണമെന്നും അറിയിക്കാവുന്നതുമാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : വൈദ്യുതി എത്താത്ത വില്ലേജുകൾ ഇല്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പല വില്ലേജുകളിലും ഒരു വില്ലേജിൽ നിന്നും മറെറാരു വില്ലേജിന്റെ അതിർത്തികൾ കടന്ന് പത്ത് കണക്ഷൻ കൊടുത്താൽ ആ വില്ലേജ് കവർചെയ്തു എന്നാണ് കണക്കാക്കപ്പെടുന്നത്. അങ്ങനെയുള്ള പല വില്ലേജുകളിലും അടിയന്തിരമായി കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : ചോദ്യം വൈദ്യുതി എത്തിയോ എന്നാണ്. എല്ലാ വില്ലേജുകളിലും എത്തിയതാണ്. പിന്നെ ആ വില്ലേജ് മുഴുവൻ കവർചെയ്തിട്ടുണ്ടോ എന്നുള്ളതു വേറെ ഒരു കാര്യം. അത് ഇല്ല എന്നുള്ളത് ഇതിനുമുൻപുള്ള ചോദ്യത്തിൽനിന്നും മനസ്സിലായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ : മലയോരപ്രദേശങ്ങളിൽ വൈദ്യുതി കണക്ഷൻ കിട്ടാതെ വിഷമിക്കുന്നതായ പ്രദേശങ്ങളും ആണ് മിക്കവാറും എല്ലാ പ്രദേശങ്ങളും. അവിടെ അടിയന്തിരമായി നടപ്പാക്കുന്നതിന് കണക്ഷനാവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കിയിരിക്കുന്ന സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : മലയോരപ്രദേശങ്ങളിലും അതുപോലെയുള്ള പ്രദേശങ്ങളിലും കൂടുതലായ ശ്രദ്ധ പതിപ്പിക്കണമെന്നുള്ളതാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ നയം.

പുതിയ കോളേജുകൾ

* 100. [142] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, കെ. ശങ്കരനാരായണപിള്ള :
,, എ. സി. ഷൺമുഖദാസ് :
,, കെ. കെ. ബാലകൃഷ്ണൻ :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷത്തിൽ പുതിയ കോളേജുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് മേഖലയിലോ, സഹകാര്യമേഖലയിലോ;

(സി) കാലിക്കറ്റ്, കേരള, ഗാന്ധിജി, യൂണിവേഴ്സിറ്റികൾ ഏതെല്ലാം സ്ഥലങ്ങളിൽ കോളേജ് തുടങ്ങുന്നതിനുള്ള ശുപാർശകളാണ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് ;

(ഡി) കോഴിക്കോട് സർവ്വകലാശാല ഏതെല്ലാം സ്ഥലങ്ങളിൽ ട്രെയിനിംഗ് കോളേജുകൾ ഈ വർഷം തുടങ്ങുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത് ;

(ഇ) ഇതു സംബന്ധിച്ച് ഗവൺമെന്റ് അന്തിമതീരുമാനം എടുത്തുവോ ;

(എഫ്) ഇല്ലെങ്കിൽ ഈ വർഷം തുടങ്ങുവാൻ വേണ്ട അനുവാദം നൽകുമോ ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി) പുതിയ കോളേജുകൾ ആരംഭിക്കുവാനുള്ള ശുപാർശ യൂണിവേഴ്സിറ്റികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവ പരിഗണനയിലാണ്. തീരുമാനമായിട്ടില്ല.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †
(ഡി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †
(ഇ) ഇല്ല.
(എഫ്) പരിഗണനയിലാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങാൻ വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ എന്തുനടപടി എടുത്തു ?

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly